**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1139** **02-02-2026 - ൽ മറുപടിയ്ക്ക്**

**കാസർകോട് നഗരത്തിൽ പാഴായിപ്പോകുന്ന ജലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് നഗരസഭാ പരിധിയിലെ വിവിധയിടങ്ങളിൽ വാട്ടർ അതോറിറ്റിയുടെ പൈപ്പുകൾ പൊട്ടി കുടിവെള്ളം വൻതോതിൽ പാഴായി പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാലാകാലങ്ങളിലായി തുടർന്നുവരുന്ന ഈ ദുരവസ്ഥ പരിഹരിക്കാൻ എന്തുകൊണ്ടാണ് നടപടി സ്വീകരിക്കാത്തതെന്ന് വ്യക്തമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലപ്പഴക്കം ചെന്ന എ.സി., പിവിസി പൈപ്പുകളുടെ ബലക്ഷയം ആണ് പ്രധാനമായും കാസറഗോഡ് നഗരപരിധിയിൽ പൈപ്പുകളിൽ ചോർച്ച ഉണ്ടാവുന്നതിനുള്ള കാരണം. ചോർച്ചകൾ ശ്രദ്ധയിൽപ്പെടുന്ന വേളയിൽ തന്നെ പരമാവധി വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ഈ പ്രശ്നത്തിനുള്ള ശാശ്വതപരിഹാരത്തിനായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്റ്റേറ്റ് പ്ലാൻ, അമൃത് എന്നിവയിൽ ഉൾപ്പെടുത്തി പഴക്കം ചെന്ന എ സി, പിവിസി പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ 2 വർഷത്തിനിടെ അമൃത്പദ്ധതിയിൽ ഇത്തരത്തിൽ 11 കിലോമീറ്ററോളവും സ്റ്റേറ്റ്പ്ലാനിൽ 20 കിലോമീറ്ററോളവും പഴയ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിച്ചിട്ടുണ്ട്. അമൃത്പദ്ധതിയിൽ 20 കിലോമീറ്ററോളം പഴയ പൈപ്പുകൾ മാറ്റുന്ന പ്രവൃത്തി പുരോഗമിക്കുകയാണ്. |
| (ബി) | കാസർകോട് നഗരത്തിലും പ്രാന്തപ്രദേശങ്ങളിലും ഏതെല്ലാം സ്ഥലങ്ങളിലാണ് കുടിവെള്ളം പാഴായി പോകുന്നതെന്ന് വ്യക്തമാക്കാമോ; ഇത്തരത്തിൽ നാളിതുവരെ എത്ര ലിറ്റർ വെള്ളം നഷ്ടപ്പെട്ടുവെന്നും ഇത് മൂലം ജല അതോറിറ്റിക്കുണ്ടായ സാമ്പത്തിക നഷ്ടം എത്രയാണെന്നും വിശദമാക്കാമോ; | (ബി) | കാസർഗോഡ് നഗരസഭ പരിധിയിലെ നെല്ലിക്കുന്ന്, തളങ്കര, തായലങ്ങാടി, കാസർഗോഡ്ടൗൺ, വിദ്യാനഗർ, ചാല, ചൂരി, അടുക്കത്ബയൽ തുടങ്ങിയ പ്രദേശങ്ങളിലാണ് പ്രധനമായും ചോർച്ചകൾ ഉണ്ടാവുന്നത്. ചോർച്ചകൾ ശ്രദ്ധയിൽപ്പെടുന്ന വേളയിൽ തന്നെ പരമാവധി വേഗത്തിൽ പരിഹരിക്കുന്ന തിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പൈപ്പ് ലൈനിലെ ചോർച്ചകൾ മൂലം ഉണ്ടാകുന്ന കൃത്യമായ ജലനഷ്ടവും അതുവഴി ഉണ്ടാകുന്ന സാമ്പത്തിക നഷ്ടവും കണക്കാക്കിയിട്ടില്ല. |
| (സി) | ഗുരുതരമായ ഈ പ്രശ്നത്തിന് പരിഹാരം കാണുന്നതിനായി ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കാൻ സർക്കാർ തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | ആവശ്യമെങ്കിൽ പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ